**No. CEE/4383/2014/KEAM-2015/TA1**

കേരള സർക്കാർ

**പ്രവേശന പരീക്ഷാ കമ്മീഷണറുടെ കാര്യാലയം**

ഹൗസിംഗ് ബോർഡ് ബിൽഡിംഗ്, ശാന്തി നഗർ, തിരുവനന്തപുരം - 695 001

# വിജ്ഞാപനം

## 2015-ലെ എം.ബി.ബി.എസ്/ബി.ഡി.എസ് കോഴ്സുകൾ ഒഴികെയുള്ള മെഡിക്കൽ/അനുബന്ധ കോഴ്സുകളിലേയ്ക്കുള്ള അഞ്ചാം ഘട്ട കേന്ദ്രീകൃത അലോട്ടുമെന്റ്

## ഓൺലൈൻ ഓപ്ഷൻ കൺഫർമേഷൻ നിർബന്ധമാണ്

2015-ലെ എം.ബി.ബി.എസ്/ബി.ഡി.എസ് കോഴ്സുകൾ ഒഴികെയുള്ള മെഡിക്കൽ/അനുബന്ധ കോഴ്സുകളിലേയ്ക്കുള്ള അവസാനത്തെ കേന്ദ്രീകൃത അലോട്ട്മെന്റ് നടപടിക്രമങ്ങൾ **14.10.2015** ന് ആരംഭിക്കും. മെഡിക്കൽ/അനുബന്ധ കോഴ്സുകളിൽ നിലവിലുള്ള ഹയർ ഓപ്ഷനുകൾ അഞ്ചാം ഘട്ട അലോട്ട്മെന്റിലേയ്ക്ക് പരിഗണിക്കപ്പെടാൻ ആഗ്രഹിക്കുന്ന വിദ്യാർത്ഥികൾ **www.cee.kerala.gov.in** എന്ന വെബ്സൈറ്റിൽ അവരവരുടെ ഹോം പേജിൽ ലഭ്യമാക്കിയിട്ടുള്ള '**Confirm**' ബട്ടൺ ക്ലിക്ക് ചെയ്ത് **ഓൺലൈൻ ഓപ്ഷൻ കൺഫർമേഷൻ** നടത്തേണ്ടതാണ്. ഓൺലൈൻ ഓപ്ഷൻ കൺഫർമേഷനെ തുടർന്ന് ഓപ്ഷൻ പുന:ക്രമീകരണം, റദ്ദാക്കൽ, പുതുതായി ഉൾപ്പെടുത്തിയ കോളേജ്/കോഴ്സ് എന്നിവയിലേയ്ക്ക് ഓപ്ഷനുകൾ നൽകാനുള്ള സൗകര്യം എന്നിവ **14.10.2015** മുതൽ **15.10.2015**, **5 pm** വരെ ലഭ്യമാകുന്നതാണ്. **15.10.2015**, **5 pm** വരെ ലഭിക്കുന്ന ഓപ്ഷനുകളുടെ അടിസ്ഥാനത്തിൽ **16.10.2015** ന് **വൈകുന്നേരം** മെഡിക്കൽ/അനുബന്ധ കോഴ്സുകളിലേയ്ക്കുള്ള അവസാന ഘട്ട അലോട്ട്മെന്റ് പ്രസിദ്ധീകരിക്കുന്നതാണ്. ഈ അലോട്ടുമെന്റ് പ്രകാരം അലോട്ടുമെന്റ് ലഭിക്കുന്ന വിദ്യാർത്ഥികൾ അലോട്ടുമെന്റ് മെമ്മോയിൽ രേഖപ്പെടുത്തിയിട്ടുള്ള ഫീസ്/ബാക്കി തുക **17.10.2015** മുതൽ **20.10.2015** വരെയുള്ള തീയതികളിലൊന്നിൽ സ്റ്റേറ്റ് ബാങ്ക് ഓഫ് ട്രാവൻകൂറിന്റെ **(SBT)** തെരഞ്ഞെടുത്ത ശാഖകളിലൊന്നിൽ ഒടുക്കേണ്ടതാണ്. **SBT** ശാഖകളുടെ ലിസ്റ്റ് വെബ് സൈറ്റിൽ ലഭ്യമാണ്. ഫീസ്/ബാക്കി തുക അടച്ചതിനു ശേഷം വിദ്യാർത്ഥികൾ അലോട്ട്മെന്റ് ലഭിച്ച കോഴ്സ്/കോളേജിൽ **20.10.2015 വൈകുന്നേരം 5 മണി**യ്ക്ക് മുൻപായി പ്രവേശനം നേടേണ്ടതാണ്. **പ്രസ്തുത അലോട്ട്മെന്റ് മെഡിക്കൽ/അനുബന്ധ കോഴ്സുകളിലേയ്ക്കുള്ള അവസാന അലോട്ട്മെന്റ് ആയിരിക്കും. ആയതിനാൽ അലോട്ട്മെന്റ് ലഭിക്കുന്നവർ ഉറപ്പായും അതത് കോളേജുകളിൽ പ്രവേശനം നേടേണ്ടതാണ്. അല്ലാത്ത പക്ഷം പ്രോസ്പെക്ടസ് ക്ലോസ് 12.2.4 പ്രകാരം ലിക്വിഡേറ്റഡ് ഡാമേജസ് ഒടുക്കാൻ ബാധ്യസ്ഥരായിരിക്കും.**

**മെഡിക്കൽ/അനുബന്ധ കോഴ്സുകളിലേയ്ക്കുള്ള അവസാന ഘട്ട അലോട്ടുമെന്റ് ഷെഡ്യൂൾ ചുവടെ ചേർക്കുന്നു:**

| | |
|---|---|
| 14.10.2015 | ഓൺലൈൻ ഓപ്ഷൻ കൺഫർമേഷൻ നടത്തുന്നതിനും, നിലവിലുള്ള ഹയർ ഓപ്ഷനുകൾ പുന:ക്രമീകരിക്കുന്നതിനും, ആവശ്യമില്ലാത്തവ റദ്ദ് ചെയ്യുന്നതിനും, പുതുതായി ചേർത്തിട്ടുള്ള കോളേജുകളിലേയ്ക്കും/കോഴ്സുകളിലേയ്ക്കും ഓപ്ഷനുകൾ രജിസ്റ്റർ ചെയ്യുന്നതിനും വെബ്സൈറ്റ് സജ്ജമാകുന്നു. |
| 15.10.2015 (5 pm) | ഓൺലൈൻ ഓപ്ഷൻ കൺഫർമേഷൻ നടത്തുന്നതിനും, ഓപ്ഷനുകൾ ക്രമീകരിക്കുന്നതിനും, റദ്ദ് ചെയ്യുന്നതിനും, രജിസ്റ്റർ ചെയ്യുന്നതിനുമുള്ള സൗകര്യം അവസാനിക്കുന്നു. |
| **16.10.2015 (6 pm)** | **അവസാന ഘട്ട അലോട്ടുമെന്റ് പ്രസിദ്ധീകരണം** |
| 17.10.2015 മുതൽ 20.10.2015 | അലോട്ടുമെന്റ് ലഭിച്ച വിദ്യാർത്ഥികൾ സ്റ്റേറ്റ് ബാങ്ക് ഓഫ് ട്രാവൻകൂറിന്റെ നിശ്ചിത ശാഖകളിൽ ഫീസ്/ബാക്കി തുക ഒടുക്കണം. കൂടാതെ അലോട്ട്മെന്റ് ലഭിച്ച കോഴ്സ്/കോളേജിൽ പ്രവേശനം നേടേണ്ടതാണ്. |
| 20.10.2015, 5.30 pm | പ്രവേശനം നേടിയ വിദ്യാർത്ഥികളുടെ വിവരങ്ങൾ ഓൺലൈൻ അഡ്മിഷൻ മാനേജ്മെന്റ് സിസ്റ്റം മുഖേന കോളേജ് അധികാരികൾ അംഗീകരിച്ച് പ്രവേശന പരീക്ഷാ കമ്മീഷണർക്ക് സമർപ്പിക്കണം. |

**മേൽപറഞ്ഞ വെബ്സൈറ്റിലൂടെ നിശ്ചിത സമയത്തിനകം ഓൺലൈൻ ഓപ്ഷൻ കൺഫർമേഷൻ നടത്താത്തവരെ ഒരു കാരണവശാലും മെഡിക്കൽ/അനുബന്ധ കോഴ്സുകളിലേയ്ക്കുള്ള അഞ്ചാം ഘട്ട അലോട്ട്മെന്റിനായി പരിഗണിക്കുന്നതല്ല.** ഇവരുടെ മെഡിക്കൽ/അനുബന്ധ കോഴ്സുകളിലുള്ള ഹയർ ഓപ്ഷനുകൾ റദ്ദാകുന്നതുമാണ്. എന്നാൽ ഓൺലൈൻ ഓപ്ഷൻ കൺഫർമേഷൻ നടത്താത്തവരുടെ നിലവിലുള്ള അലോട്ട്മെന്റ് നിലനിൽക്കുന്നതായിരിക്കും.

അവസാന ഘട്ട അലോട്ടുമെന്റിൽ താഴെപറയുന്ന കോളേജ്/കോഴ്സിലേയ്ക്ക് പുതുതായി ഓപ്ഷൻ നൽകാവുന്നതാണ്.

| Sl. No | College Code | Name of College | Course Code |
|---|---|---|---|
| 1 | **TPA** | Government Ayurveda College,Tripunithura, Ernakulam | **BA** |

പ്രത്യേക ശ്രദ്ധയ്ക്ക്:– Mannam Ayurveda Co-operative Medical College, Pandalam, Ahalia Ayurveda Medical College, Palakkad, Pankaja Kasthuri Ayurveda College, Kattakkada, Thiruvananthapuram, Parassinikadavu Ayurveda Medical College, Parassinikkadavu, Kannur, Santhigiri Ayurveda Medical College, Palakkad എന്നീ ആയുർവേദ കോളേജുകളിലേയ്ക്കുള്ള അലോട്ട്മെന്റ് ബഹു: കേരള ഹൈക്കോടതിയിൽ നിലവിലുള്ള റിട്ട് പെറ്റിഷനുകളിൻ മേലുള്ള തീർപ്പിനു വിധേയമായിരിക്കും.

കുറിപ്പ്: **സർക്കാർ/സർക്കാർ നിയന്ത്രിത സ്വാശ്രയ എഞ്ചിനീയറിംഗ് കോളേജുകളിൽ പ്രവേശനം നേടിയിരിക്കുന്ന വിദ്യാർത്ഥികൾക്ക് മെഡിക്കൽ/അനുബന്ധ കോഴ്സിലേയ്ക്ക് അലോട്ട്മെന്റ് ലഭിക്കുന്നപക്ഷം പ്രോസ്പെക്ടസ് ക്ലോസ് 12.2.4 അല്ലെങ്കിൽ ബന്ധപ്പെട്ട സർക്കാർ ഉത്തരവുകൾ പ്രകാരമുള്ള ലിക്വിഡേറ്റഡ് ഡാമേജസ് നൽകിയതിനുശേഷം മാത്രമേ പുതിയ അലോട്ട്മെന്റ് സ്വീകരിക്കാൻ കഴിയുകയുള്ളൂ.**

**കേരള കാത്തലിക് എഞ്ചിനീയറിംഗ് കോളേജ് മാനേജ്മെന്റ് അസോസിയേഷനു കീഴിൽ വരുന്ന എഞ്ചിനീയറിംഗ് കോളേജുകളിൽ പ്രവേശനം നേടിയിരിക്കുന്ന വിദ്യാർത്ഥികൾക്ക് മെഡിക്കൽ/അനുബന്ധ കോഴ്സിലേയ്ക്ക് അലോട്ട്മെന്റ് ലഭിക്കുന്നപക്ഷം അലോട്ട്മെന്റ് സ്വീകരിക്കുന്നതിന് GO(Ms) No. 252/2014/H.Edn. Dated: 07.06.2014 എന്ന സർക്കാർ ഉത്തരവിലെ വ്യവസ്ഥകൾ ബാധകമായിരിക്കും.**

**മറ്റ് സ്വകാര്യ സ്വാശ്രയ എഞ്ചിനീയറിംഗ്/ആർക്കിടെക്ചർ കോളേജുകളിൽ പ്രവേശനം നേടിയിരിക്കുന്ന വിദ്യാർത്ഥികൾക്ക് വിടുതൽ സർട്ടിഫിക്കറ്റും മറ്റു രേഖകളും നേടുന്നതിന് GO(Ms) No. 372/2015/H.Edn. Dated: 03.07.2015, GO(Ms) No.378/2015/H.Edn. Dated: 03.07.2015 എന്നീ സർക്കാർ ഉത്തരവുകൾ പ്രകാരം ലിക്വിഡേറ്റഡ് ഡാമേജസ് നൽകേണ്ടതില്ല. എന്നാൽ അവർക്ക് കോളേജുകളിൽ അടച്ച ഫീസ് തിരികെ ലഭിക്കാൻ അർഹതയുണ്ടായിരിക്കുന്നതല്ല.**

കൂടുതൽ വിവരങ്ങൾക്ക് 0471 2339101, 2339102, 2339103, 2339104 എന്നീ ഹെൽപ്പ് ലൈൻ നമ്പരുകളിൽ ബന്ധപ്പെടാവുന്നതാണ്.

തിരുവനന്തപുരം
14.10.2015

**പ്രവേശന പരീക്ഷാ കമ്മീഷണർ**